**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3111** **01-03-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം ഫാമിലി ഹെൽത്ത് സെന്റർ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം ഫാമിലി ഹെൽത്ത് സെന്റർ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതിയെക്കുറിച്ച് അറിയിക്കാമോ; | (എ) | **നിലവിലുള്ള ഭരണാനുമതി തുകയായ 620 ലക്ഷം രൂപ ഉപയോഗിച്ച് വാമനപുരം ഫാമിലി ഹെൽത്ത് സെന്ററിനുവേണ്ടി മൂന്ന് നിലകളുടെ സിവിൽ പ്രവൃത്തികളും, ഇലക്ട്രിക്കൽ പ്രവൃത്തികളും (ലിഫ്റ്റ് ഉൾപ്പെടെ) പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിൽ ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നതെന്നും ഇവ പൂർത്തീകരിച്ച് കെട്ടിടം എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നും അറിയിക്കാമോ; | (ബി) | നിലവിലെ ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട് (സിവിൽ + ഇലക്ട്രിക്കൽ) ഈ കെട്ടിടം നാല് നിലകളിലായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത എന്നാൽ നാലാമത്തെ നില കൂടി ചെയ്താൽ മാത്രമേ ഫയർ ഫൈറ്റിംഗ് സംവിധാനവും അനുബന്ധ പ്രവൃത്തികളായ OHT, SUMP മുതലായവ ചെയ്യുവാൻ സാധിക്കുകയുള്ളൂ. നിലവിൽ പൂർത്തിയാക്കിയിരിക്കുന്ന മൂന്ന് നിലകൾ വച്ച് ഹോസ്പിറ്റൽ Function ചെയ്യാവുന്നതാണ്. കെട്ടിടത്തിന്റെ നാലാമത്തെ നിലയും, അനുബന്ധ പ്രവൃത്തികളും (ഫയർ ഫൈറ്റിംഗ്) ഉൾപ്പെടെ ഉള്ളവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത നിർമ്മാണത്തിനായി ഏതെല്ലാം ഫണ്ടുകളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | 4210-01-110-74-PV' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ പ്രസ്തുത പ്രവൃത്തിയ്ക്കായി 620 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ